(സി-എഫ്) സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഏരിയ ഇൻസന്റീവ് പദ്ധതി പ്രകാരം 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടി ജീവനക്കാർക്ക് കെ.ഇ.ആർ ബാധകമാക്കി 1-2-2006 മുതൽ അടിസ്ഥാന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

റാന്നി താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ല

2(2888) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ എൽ.പി/യു.പി./ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ എത്ര വീതമാണുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ റാന്നി താലൂക്കിലുൾപ്പെടുന്ന സ്കൂളുകളുടെ എണ്ണം എത്ര ;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളാണുള്ളത് ; അവ ഏതൊക്കെ ; ഓരോ വിദ്യാഭ്യാസ ജില്ലയിലും ഉൾപ്പെടുന്ന എൽ.പി./യു.പി./ഹൈസ്കൂളുകളുടെ എണ്ണം എത്ര ; ഓരോ വിദ്യാഭ്യാസ ജില്ലയിലും റാന്നി താലൂക്കിലുൾപ്പെടുന്ന എത്ര വീതം സ്കൂളുകളാണുള്ളത് ;

(സി) ജില്ലയിൽ രണ്ട് വിദ്യാഭ്യാസ ജില്ല മാത്രമുള്ളതുമൂലം സ്കൂൾ അധികൃതരും ജീവനക്കാരും ഒരേപോലെ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജീവനക്കാരുടെ അമിത ജോലിഭാരം പരിഗണിച്ചും സ്കൂൾ അധികൃതരുടെ സൗകര്യം പരിഗണിച്ചും റാന്നി താലൂക്കിലെ സ്കൂളുകളെല്ലാം കൂട്ടിച്ചേർത്ത് ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ എണ്ണം ഹയർ സെക്കണ്ടറി സ്കൂളുകൾ ഒഴികെ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളുടെ വിശദാംശം അനുബന്ധം- III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) പത്തനംതിട്ട ജില്ലയിൽ രണ്ടു വിദ്യാഭ്യാസ ജില്ലകളാണുള്ളത്. അവ പത്തനംതിട്ട, തിരുവല്ല എന്നിവയാണ്. ഓരോന്നിലുമുള്ള സ്കൂളുകളുടെ എണ്ണം അനുബന്ധം-II ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റാന്നി താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly